പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4108 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. അപകടങ്ങൾ

ചോദ്യം
ശ്രീമതി.വീണാ ജോർജ്ജ്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015-16 കാലയളവിൽ അപകടങ്ങളുണ്ടാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ എത്രയെന്നും കെ.എസ്.ആർ.ടി.സി.യുടെ മറ്റ് വാഹനങ്ങൾ എത്രയെന്നും അറിയിക്കുമോ; | (എ) | 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ അപകടങ്ങളിൽ ഉൾപ്പെട്ട കെ.എസ്.ആർ.ടി.സി വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>അപകടങ്ങളിൽ ഉൾപ്പെട്ട ആകെ ബസ്സുകൾ - 1501 എണ്ണം<br>അപകടങ്ങളിൽ ഉൾപ്പെട്ട കെ.എസ്.ആർ.ടി.സി.യുടെ മറ്റ് വാഹനങ്ങൾ - 3 എണ്ണം (വർക്ക്ഷോപ്പ് വാൻ-2, ടാങ്കർ ട്രക്ക്-1). |
| (ബി) | പ്രസ്തുത അപകടങ്ങൾ മൂലം മരണപ്പെട്ട കാൽനട യാത്രക്കാർ എത്ര;വാഹനത്തിൽ യാത്ര ചെയ്തിരുന്നവർ എത്ര; പരിക്ക പറ്റിയ കാൽനട യാത്രക്കാർ എത്ര;വാഹനത്തിൽ യാത്ര ചെയ്തിരുന്നവർ എത്ര; വ്യക്തമാക്കുമോ? | (ബി) | 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളിൽ മരണപ്പെട്ടവർ -<br>കാൽനട യാത്രക്കാർ - 55 പേർ.<br>വാഹനത്തിൽ യാത്ര ചെയ്തിരുന്നവർ - 159 പേർ.<br><br>2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളിൽ പരിക്ക് പറ്റിയവർ<br>കാൽനട യാത്രക്കാർ - 78 പേർ, (ഗുരുതര പരിക്ക് - 45, നിസ്സാര പരിക്ക് - 33).<br>വാഹനത്തിൽ യാത്ര ചെയ്തിരുന്നവർ - 2480 പേർ (ഗുരുതര പരിക്ക് - 470, നിസ്സാര പരിക്ക് - 2010) |

സെക്ഷൻ ഓഫീസർ